**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല – നീണ്ടൂർ ഗ്രാമപഞ്ചായത്ത് - ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ തുക അടയ്ക്കുന്നത് - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1143/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 21/04/2018

പരാമർശം:- നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02/02/2018 ലെ 01/Pres/2018 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ നീണ്ടൂർ - ഏറ്റുമാനൂർ റോഡിന്റെ നവീകരണം നടത്തിയപ്പോൾ നീണ്ടൂർ -പ്രാവട്ടം ജംഗ്ഷന് സമീപത്തുള്ള മാർക്കറ്റിന്റെ അടുത്തായി ഉണ്ടായിരുന്ന ട്രാൻസ്ഫോമർ ഇപ്പോൾ റോഡിലേക്ക് ഇറങ്ങിയാണ് നിൽക്കുന്നതെന്നും ഇത് വൻ അപകടങ്ങൾക്ക് കാരണമാവുന്നതിനോടൊപ്പം അത് വഴിയുള്ള ഓട നിർമ്മാണവും തടസ്സപ്പെട്ടിരിക്കുകയാണെന്നും ആയതിനാൽ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് 350000/- രൂപ കെ.എസ്.ഇ.ബി യിൽ അടയ്ക്കുന്നതിന് പഞ്ചായത്തിന്റെ പദ്ധതി വിഹിതമോ തനതു ഫണ്ടോ ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ നീണ്ടൂർ - ഏറ്റുമാനൂർ റോഡിന്റെ നവീകരണം നടത്തിയപ്പോൾ നീണ്ടൂർ -പ്രാവട്ടം ജംഗഷന് സമീപത്തുള്ള മാർക്കറ്റിന്റെ അടുത്തായി റോഡിലേയ്ക്ക് ഇറങ്ങി നിൽക്കുന്ന ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിലേയ്ക്ക് 3,50,000/- (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

പ്രസിഡന്റ്/സെക്രട്ടറി, നീണ്ടൂർ ഗ്രാമപഞ്ചായത്ത്, നീണ്ടൂർ പി.ഒ, കോട്ടയം - 686601.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ